**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 610** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>അംബേദ്ക്കർ ഗ്രാമം പദ്ധതിയുടെ ഫണ്ട് ലഭ്യതക്കുറവ്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പാലാ നിയോജകമണ്ഡലത്തിലെ തലനാട് പഞ്ചായത്തിലെ ചെവ്വൂർ, കടനാട് പഞ്ചായത്തിലെ ചാത്തൻകുന്ന് ഉന്നതി , കരൂർ പഞ്ചായത്തിലെ നെല്ലാനിക്കാട്ട് പാറനഗർ തുടങ്ങിയ പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് അംബേദ്ക്കർ ഗ്രാമം പദ്ധതി പ്രകാരം ഫണ്ട് ലഭ്യമാകുന്നില്ലായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഫണ്ട് സമയബന്ധിതമായി ലഭ്യമാക്കി പദ്ധതിപ്രകാരമുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** പാലാ നിയോജകമണ്ഡലത്തിലെ തലനാട് പഞ്ചായത്തിലെ ചെവ്വൂർ IHDP നഗറിലെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ ഒൻപതാം പാർട്ട് ബിൽ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

കടനാട് പഞ്ചായത്തിലെ ചാത്തൻകുന്ന് നഗറിലെ അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയുടെ അഞ്ചാം പാർട്ട് ബിൽ പരിശോധനയിൽ അപാകത കണ്ടെത്തിയതിനെ തുടർന്ന് അപാകത പരിഹരിച്ച് ലഭ്യമാക്കുന്നതിന് നിർവ്വഹണ ഏജൻസിക്ക് നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2021-22 വർഷത്തെ വകുപ്പിന്റെ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുത്ത കരൂർ പഞ്ചായത്തിലെ നെല്ലാനിക്കാട്ട് പാറനഗർ പട്ടികജാതി സങ്കേതത്തിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**